ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 24-03-2026 | പ്രധാന വാർത്തകൾ | TIME: 12.50 PM

1. പാർലമെന്റിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യസഭയിൽ പ്രസ്താവന നടത്തും.

   **Parliament procedures are underway. Prime Minister Narendra Modi will address the Rajya Sabha today on the West Asian conflict.**

2. കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

   **Scrutiny of Nomination Papers for Assembly Elections in Assam, Keralam, and Puducherry underway.**

3. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. പ്രശ്നബാധിത മേഖലയിലെ ഇന്ത്യൻ പൗരന്മാർരെ തിരികെയെത്തിക്കാൻ നടപടികൾ ഊർജിതമാക്കിയതായി കേന്ദ്ര സർക്കാർ.

   **Conflict continues to escalate in West Asia. The Union Government has said that steps have been taken to bring back Indian citizens from the regions of conflict.**

4. പശ്ചിമേഷ്യൻ മേഖലയിലേക്ക് 24 വിമാനങ്ങൾ കൂടി ഇന്ന് സർവീസുകൾ നടത്തുമെന്ന് എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും.

Air India and Air India Express will jointly operate 24 scheduled and non-scheduled flights to and from West Asia today.

5. അമിതവണ്ണം കുറയ്ക്കുന്നതിനുള്ള മരുന്നുകളുടെ അനധികൃത വിപണനത്തിനെതിരെ നടപടി ശക്തമാക്കി കേന്ദ്ര ഡ്രഗ്സ് കൺട്രോളർ.

The Drugs Controller of India has intensified regulatory surveillance against unauthorized sale and promotion of GLP-1 based Weight Loss Drugs.

6. കേരളത്തിൽ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ ചൂട് കൂടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 12 ജില്ലകളിൽ മഞ്ഞ ജാഗ്രത.

The IMD has said that heat is likely to increase in various districts in Kerala. Yellow alert in 12 districts.

&&&&&&&&&&&&&&&&&

## PARLIAMENT

പാർലമെന്റിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യസഭയിൽ പ്രസ്താവന നടത്തും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് പ്രധാനമന്ത്രി സഭയിൽ സംസാരിക്കുന്നത്. ഇതേ വിഷയത്തിൽ ഇന്നലെ ലോക്സഭയിലും ശ്രീ നരേന്ദ്ര മോദി പ്രസ്താവന നടത്തിയിരുന്നു. അതെസമയം, 2026-ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ ഇന്ന് പുനഃരാരംഭിക്കും. രാജ്യസഭയിൽ 2026 ലെ വിനിയോഗ ബില്ലിൻമേൽ ചർച്ച ഇന്നും തുടരും.

*********************************

## KERALA - NOMINATION

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു. പത്രികാ സമർപ്പണം ഇന്നലെ അവസാനിച്ചപ്പോൾ സംസ്ഥാനത്തൊട്ടാകെ 2,117 പത്രികകളാണ് ലഭിച്ചത്. 1,252 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി കൂടി ഈ മാസം 26-ന് അവസാനിക്കുന്നതോടെ മത്സരചിത്രം കൂടുതൽ വ്യക്തമാകും. സ്ഥാനാർഥികളെല്ലാം ഇനി പരസ്യ പ്രചാരണത്തിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 140 മണ്ഡലങ്ങളിലേക്കും ഒറ്റഘട്ടമായി അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ. കേരളത്തിനൊപ്പം തിരഞ്ഞെടുപ്പ് നടക്കുന്ന അസമിലും പുതുച്ചേരിയിലും ഇന്നാണ് സൂക്ഷ്മ പരിശോധന.

***********************************

## ELECTION KERALA

കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 16 ദിവസം. എല്ലാ മണ്ഡലങ്ങളിലും മത്സരചിത്രം ഏറെകുറെ തെളിഞ്ഞതോടെ പരസ്യ പ്രചാരണത്തിലായിരിക്കും മുന്നണികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എൻഡിഎയുടെ പ്രചാരണത്തിനായ് പ്രധാനമന്ത്രി നരേന്ദ്ര മോദി, ശ്രീമതി നിർമ്മല സീതാരാമൻ തുടങ്ങിയവർ എത്തും. യു ഡി എഫിന്റെ പ്രചാരണത്തിന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ പര്യടനം നാളെ കോഴിക്കോട്ട് ആരംഭിക്കും. എൽ ഡി എഫ് പ്രചാരണം മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

***********************************

## FLAGS AND POSTERS - CAMPAIGN (INTRO)

തെരഞ്ഞെടുപ്പു പ്രചാരണത്തോട് അനുബന്ധിച്ച് ബാനറുകളും പതാകകളും പ്രദർശിപ്പിക്കുന്നത് ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി പാലിച്ചായിരിക്കണമെന്ന് അധികൃതർ വ്യക്തമാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

**************************************

## TN, PUDUCHERRY - SEAT ALLOCATION

തമിഴ്നാട്ടിലും പുതുച്ചേരിയിലും നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സീറ്റ് വിഭജനം പൂർത്തിയായി. ഇതുപ്രകാരം, തമിഴ്നാട്ടിൽ എഐഎഡിഎംകെ 178 സീറ്റുകളിലും, ബിജെപി 27 സീറ്റുകളിലും, പിഎംകെ വിഭാഗം 18 സീറ്റുകളിലും, എഎംഎംകെ - 11 സീറ്റുകളിലും മത്സരിക്കും. പുതുച്ചേരിയിൽ കോൺഗ്രസ് 16 സീറ്റുകളിൽ മത്സരിക്കും, ബാക്കി 14 സീറ്റുകളിൽ ഡിഎംകെയാണ് ജനവിധി തേടുന്നത്.

**************************************

## TRAINING - POLLING OFFICIALS

നിയമസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിംഗ് ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരം ജില്ലയിലെ ആദ്യ ഘട്ട പരിശീലനം ആരംഭിച്ചു. മാർച്ച് 26 വരെയാണ് പരിശീലനം. പോളിംഗ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി അസംബ്ലി ലെവൽ ട്രെയിനർമാർക്കുള്ള പരിശീലനം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു.

**************************************

## CONTROL ROOM

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ കൊച്ചി മേഖല ഓഫീസിൽ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച്, ലഹരിമരുന്ന് കടത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിന് പ്രത്യേക കൺട്രോൾ റൂം രൂപീകരിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് ദിനം വരെ 24 മണിക്കൂറും 0484-24 25 321 എന്ന ലാൻഡ് ലൈൻ പ്രവർത്തിക്കും.

**********************************

## WB - SUPPLIMENTARY VOTER LIST

പശ്ചിമ ബംഗാളിൽ ആദ്യ സപ്ലിമെന്ററി വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. സുപ്രീം കോടതി നിർദ്ദേശങ്ങളെത്തുടർന്ന് ജുഡീഷ്യൽ ഓഫീസർമാർ പരാതികൾ തീർപ്പാക്കിയ ശേഷമാണ് വോട്ടർമാരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇതുവരെ 29 ലക്ഷത്തോളം വോട്ടർമാരുടെ പരാതികൾ തീർപ്പാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**********************************

## AKASHAVANI-WORKSHOP

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗത്തിൻറെ നേതൃത്വത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. അഡീഷണൽ ചീഫ് ഇലക്ട്രൽ ഓഫീസർ പി.ബി. നൂഹ് ശില്പശാല ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങളെക്കുറിച്ചും പെരുമാറ്റച്ചട്ടത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സർക്കാർ മാധ്യമങ്ങളും തിരഞ്ഞെടുപ്പും എന്ന വിഷയത്തിൽ തിരുവനന്തപുരം ദൂരദർശൻ വാർത്താ വിഭാഗം മേധാവി അജയ് ജോയ് പ്രഭാഷണം നടത്തി. ആകാശവാണി

തിരുവനന്തപുരം നിലയം മേധാവി എ ജി ബൈജു, വാർത്താ വിഭാഗം മേധാവി ലെമി ജി നായർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

************************************

## DRUG CONTROLLER

അമിതവണ്ണം കുറയ്ക്കുന്നതിനായി ഉപയോഗിക്കുന്ന 'GLP-1' വിഭാഗത്തിൽപ്പെട്ട മരുന്നുകളുടെ അനധികൃത വിപണനത്തിനും പരസ്യങ്ങൾക്കുമെതിരെ നടപടി ശക്തമാക്കി കേന്ദ്ര ഡ്രഗ്സ് കൺട്രോളർ. ഡോക്ടറുടെ നിർദ്ദേശമില്ലാതെ ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന മുന്നറിയിപ്പിനെത്തുടർന്നാണ് നടപടി. അനധികൃത വില്പന തടയാൻ സംസ്ഥാനങ്ങളുമായി ചേർന്ന് പരിശോധനകൾ ആരംഭിച്ചു. മരുന്നിന്റെ ലഭ്യത വർദ്ധിച്ച സാഹചര്യത്തിൽ സ്വയം ചികിത്സ ഒഴിവാക്കി പൗരന്മാർ ജാഗ്രത പാലിക്കണമെന്നും ആരോഗ്യമന്ത്രാലയം മുന്നറിയിപ്പ് നൽകി.

************************************

## DAY WEST ASIA (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാന്റെ മിസൈൽ, ഡ്രോൺ ആക്രമണങ്ങളെ വ്യോമ പ്രതിരോധ സംവിധാനങ്ങളിലൂടെ തടുത്തതായി കുവൈറ്റ്. മിസൈൽ അവശിഷ്ടങ്ങൾ പതിച്ച് നിരവധി പ്രദേശങ്ങളിൽ വൈദ്യുതി ലൈനുകൾ വിച്ഛേദിക്കപ്പെട്ടതായും രാജ്യത്തെ വൈദ്യുതി, ജല, പുനരുപയോഗ ഊർജ്ജ മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*ലെബനനിൽ, മാർച്ച് 2 ന് ആരംഭിച്ച ഇസ്രായേൽ ആക്രമണങ്ങളിൽ 1,039 പേർ മരിച്ചതായും 2,876 പേർക്ക് പരിക്കേറ്റതായും ലെബനൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. ബെയ്റൂത്തിലും പ്രാന്തപ്രദേശങ്ങളിലും നബാത്തിഹ്, ടയർ പ്രദേശങ്ങളിലും ഇസ്രായേൽ ആക്രമണം തുടരുകയാണ്. സംഘർഷങ്ങൾക്കിടയിൽ യുഎഇയിലെയും കുവൈറ്റിലെയും തുറമുഖങ്ങളിൽ നിന്ന് ഏകദേശം 92,000 ടൺ LPG -യുമായി ഇന്ത്യയുടെ പൈൻ ഗ്യാസ്, ജാഗ് വസന്ത് കപ്പലുകൾ ഹോർമുസ് കടലിടുക്ക് കടന്നു. രണ്ട് കപ്പലുകളും മാർച്ച് 26 നും 28 നും ഇടയിൽ ഇന്ത്യൻ തുറമുഖങ്ങളിലേക്ക് എത്തിയേക്കും. എന്നാൽ, ഇറാനിയൻ ഊർജ നിലയങ്ങൾക്ക് നേരെയുള്ള ആക്രമണം അഞ്ച് ദിവസത്തേക്ക് നിർത്തിവയ്ക്കാൻ യു എസ്, ഇന്നലെ സൈന്യത്തോട് ഉത്തരവിട്ടിരുന്നു. ഇറാന്റെ ഊർജ്ജ കേന്ദ്രങ്ങളെ പ്രതിരോധിക്കാൻ ബാലിസ്റ്റിക് മിസൈൽ യൂണിറ്റുകൾ സജ്ജമാണെന്ന് ഐആർജിസി അറിയിച്ചു. അതിനിടെ പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഇന്ധന റേഷനിംഗ് താൽക്കാലികമായി ഏർപ്പെടുത്തിയ ആദ്യത്തെ യൂറോപ്യൻ യൂണിയൻ അംഗരാജ്യമായി സ്ലോവേനിയ മാറി.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

**************************************

## INDIAN EMBASSY

കഴിഞ്ഞ മൂന്നു ദിവസത്തിൽ ഖത്തർ എയർവേയ്സ് ഇന്ത്യയിലേക്ക് നടത്തിയ 25 വിമാന സർവീസുകൾ വഴി ഏകദേശം 7,750 ഇന്ത്യൻ പൗരന്മാർ തിരികെയെത്തിയതായി ദോഹയിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഇന്ത്യൻ സമൂഹത്തിന്റെ പരാതികളും സംശയങ്ങളും പരിഹരിക്കുന്നതിനായി എംബസി കൺട്രോൾ റൂം മുഴുവൻ സമയവും പ്രവർത്തിക്കുന്നുണ്ട്. ഹെൽപ്പ് ലൈൻ, ഇമെയിൽ,

വാട്സ്ആപ്പ് സേവനങ്ങൾ വഴി പൗരന്മാർക്ക് എംബസിയെ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

***********************************

## AIR INDIA/EXPRESS -FLIGHTS

പശ്ചിമേഷ്യൻ സംഘർഷം നിലനിൽക്കെ ഇന്ന് 24 വിമാനങ്ങൾ കൂടി സർവീസുകൾ നടത്തുമെന്ന് എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും അറിയിച്ചു. ജിദ്ദയിലേക്കും തിരിച്ചുമുള്ള 10 വിമാന സർവീസുകൾ തുടരുമെന്നും വിമാനക്കമ്പനികൾ പ്രസ്താവനയിൽ വ്യക്തമാക്കി. ഷെഡ്യൂൾ ചെയ്ത വിമാനങ്ങൾക്ക് പുറമെ യാത്രക്കാരുടെ സൗകര്യാർഥം, യുഎഇ യിൽ നിന്നും തിരിച്ചും 10 പ്രത്യേക വിമാനങ്ങളും സർവീസ് നടത്തുന്നുണ്ട്.

***********************************

## WEATHER - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഈ മാസം 26 വരെ പകൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

***********************************

## RAJNATH - RAISING DAY

അസം റൈഫിൾസിന്റെ സ്ഥാപക ദിനത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് എല്ലാ സേനാംഗങ്ങൾക്കും ആശംസകൾ

നേർന്നു. വടക്കുകിഴക്കൻ പ്രദേശത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനും അതിർത്തി പ്രദേശങ്ങൾ സംരക്ഷിക്കുന്നതിലൂടെ രാജ്യത്തിന്റെ സുരക്ഷാ സംവിധാനത്തിലും അസം റൈഫിൾസ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം സമൂഹ മാധ്യമകുറിപ്പിലൂടെ അറിയിച്ചു.

**********************************

## WORLD TB DAY

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗം ഉയർത്തുന്ന ആഗോള വെല്ലുവിളിയെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. നമുക്ക് ക്ഷയരോഗത്തെ അവസാനിപ്പിക്കാം എന്നതാണ് ഇത്തവണത്തെ പ്രമേയം. നേരത്തെയുള്ള രോഗനിർണയം, സൗജന്യ ചികിത്സ, പോഷകാഹാര സഹായം, രോഗി പരിചരണം എന്നിവ മെച്ചപ്പെടുത്തുന്നതിന് നമുക്ക് സാധിച്ചതായി രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു.

**********************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,550 പോയിന്റ് നേട്ടത്തിൽ 74,246 ലും,നിഫ്റ്റി 472 പോയിന്റ് ഉയർന്നു 22,985 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 2,160 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 2,920 രൂപയും ഗ്രാമിന് 12,865 രൂപയുമാണ് ഇന്നത്തെ വില.

*

********************

**********************************************